നം.കെ.എസ്.എ.പി.റ്റി.എ.പി.9/ 822/2017 തീയതി: 18.7.2017

<u>വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

<u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>

വള്ളിക്കോട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 19.12.2016 മുതൽ 22.06.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 22.06.2017 മുതൽ 30.06.2017 വരെ | ശ്രീ. എൻ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. പി.സി.സൂര്യപ്രഭ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി. ജയപ്രഭ. പി, സീനിയർ ഗ്രേഡ് ഓഡിറ്റർ. |

<u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി. ലിസ്സിമോൾ ജോസഫ്<br>01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. ജി.സുനിൽകുമാർ<br>01.04.2016 മുതൽ 31.03.2017 വരെ |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

<u>ഭാഗം 1: പൊതു അവലോകനം</u>

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്- 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്- 2016-17

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക -അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | അർഹത ഉറപ്പാക്കാതെ വിമുക്ത ഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകി | 2-1 |
| 13 | കാലാവധി കഴിഞ്ഞ പെർമിറ്റുകൾ- തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച | 2-2 |
| 14 | സെന്റ് ഗ്രിഗോറിയസ് സീനിയർ സെക്കൻഡറി സ്കൂൾ നാളിതുവരെ വസ്തുനികുതി അസ്സസ്സ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല | 2-3 |
| 15 | അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നികുതി ഈടാക്കുന്നു | 2-4 |
| 16 | ഡി.ഒ & ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു | 2-5 |

| | | |
|---|---|---|
| 17 | രജിസ്ട്രേഷൻ പുതുക്കാത്ത ആയുർവേദ ചികിത്സാലയം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു | 2-6 |
| | ഭാഗം 3 | |
| 18 | ലാന്റ് അക്വിസിഷൻ കേസുകൾ- ഗ്രാമപഞ്ചായത്തിന്റെ ബാധ്യത പെരുകുന്നു | 3-1 |
| 19 | കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായെങ്കിലും പൊതുടാപ്പുകൾ ഒഴിവാക്കിയില്ല- ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ അധിക ബാധ്യത | 3-2 |
| 20 | നിയമാനുസൃതമല്ലാത്ത ബിൽ അംഗീകരിച്ച് തുക നൽകി | 3-3 |
| 21 | സാക്ഷരതാമിഷനിൽനിന്നും തിരികെ ലഭിക്കാനുള്ളത് 46838 രൂപ | 3-4 |
| 22 | പത്രപ്പരസ്യം – അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3-5 |
| 23 | തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്- നടപടികൾ മാതൃകാപരം | 3-6 |
| 24 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി- തൊഴിലാളികളുടെ വേതനക്കുടിശ്ശിക 88.68 ലക്ഷം രൂപ | 3-7 |
| 25 | ജില്ലാപ്പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞില്ല | 3-8 |
| 26 | ആയുർവേദ മരുന്നുകൾ -പണം നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല | 3-9 |
| 27 | പാലിയേറ്റീവ് കെയർ- പണം നൽകി -മരുന്നുകൾ ലഭ്യമായില്ല | 3-10 |
| 28 | സർവ്വശിക്ഷാ അഭിയാൻ - അപാകത | 3-11 |
| 29 | ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിൽ വീഴ്ച | 3-12 |
| 30 | അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയില്ല | 3-13 |
| 31 | വികസന ഫണ്ട് അഡ്വാൻസായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു | 3-14 |
| 32 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മതിയായ ധനസഹായം ഉറപ്പുവരുത്തുന്നില്ല | 3-15 |
| 33 | അങ്കണവാടികൾക്ക് എൽ.പി.ജി.സിലിണ്ടർ- സബ്സിഡി ക്ലെയിം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടില്ല | 3-16 |
| 34 | റോഡ് പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ ക്രമക്കേട് | 3-17 |
| 35 | ഗുണഭോക്തൃസമിതികൾ കടലാസ്സിൽ മാത്രം - ഓഡിറ്റ് നിർദ്ദേശം അവഗണിക്കപ്പെട്ടു | 3-18 |
| | ഭാഗം-4 | |
| 36 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |

| | | |
|---|---|---|
| 37 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 39 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 40 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 41 | ഓഡിറ്റ് റിക്കവറി | 4-6 |
| 42 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 43 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 44 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 09.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. വാർഷിക പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചത് പ്രകാരം ബജറ്റ് പുതുക്കി 15.03.2017 തീയതിയിൽ ഭരണസമിതിയുടെ അംഗീകാരം വാങ്ങിയിട്ടുണ്ട്. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | (+) / (-) |
| മുന്നിരിപ്പ് | 11213314 | 11213314 | | | |
| വരവ് | 112961588 | 41301812 | | 71659746 | (-)63.43 |
| ആകെ | 124174872 | 52515126 | | 71659546 | (-)57.70 |
| ചെലവ് | 117933286 | 34990980 | | 82942306 | (-)70.32 |
| നീക്കിയിരിപ്പ് | 6241586 | 17524146 | 11282560 | | (+) 180.76 |

മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻ വർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണെന്ന് പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214 (3) ൽ നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മുൻ വർഷത്തെ യഥാർത്ഥ ഡിമാന്റിൽനിന്നും വ്യതിചലിച്ചാണ് ബജറ്റ് തയ്യാറാക്കിയിരിക്കുന്നതെന്ന് മേൽപട്ടികയിൽനിന്നും വ്യക്തമാണ്. ഇതിനുള്ള വിശദീകരണങ്ങളൊന്നും തന്നെ ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടില്ല. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 08.06.2017 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു. ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ട അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

1) പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ ആസ്തികളും ഷെഡ്യൂൾ ബി-11- ൽ ഉൾപ്പെട്ടിട്ടില്ല.

2) ശുചിത്വ മിഷനിൽ നിന്നും സാനിട്ടറി ടോയ്‌ലറ്റ് നിർമ്മാണത്തിനായി ലഭിച്ച802965/രൂപ ബി4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല

3) വസ്തുനികുതിയുടെ ഡേറ്റ എൻട്രി സഞ്ചയ സോഫ്റ്റ്‌വെയറിൽ പൂർണ്ണമല്ലാത്തതിനാൽ സാംഖ്യ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡിമാന്റ് ഉക കൃത്യമല്ല

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ്& പേയ്മെന്റ് പത്രിക പ്രകാരം)

| ഇനം | 2016-17 |
|---|---|
| മുന്നിരിപ്പ് | 11213314 |
| വരവ് | 41301812 |
| ആകെ | 52515126 |
| ചെലവ് | 34990980 |
| നീക്കിയിരിപ്പ് | 17524146 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരുപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 8297078 | 7970698 | 326380 | 96.07 |
| വികസനഫണ്ട്(എസ്.സി.പി) | 6534123 | 5607185 | 926938 | 85.81 |
| വികസനഫണ്ട്(റ്റി.എസ്.പി) | - | - | - | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | 4314450 | 2705920 | 1608530 | 62.71 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 2554755 | 1969289 | 585466 | 77.08 |
| ധനകാര്യകമ്മീഷൻ അവാർഡ് | 4653705 | 2063553 | 2590152 | 44.34 |
| ലോകബാങ്ക് ധനസഹായം | 2628927 | 187728 | 2441119 | 7.14 |

19.09.2015-ലെ ജി.ഒ (പി) നം. 419/2015ഫിൻ നമ്പർ ഉത്തരവ് പ്രകാരം 2015-16 വർഷം മുതൽ വികസനഫണ്ട്/മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ നീക്കിയിരിപ്പ് സാമ്പത്തികവർഷാവസാനം ലാപ്സാകുന്നതിനാൽ പട്ടികയിൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് ഉക പഞ്ചായത്തിന് നഷ്ടമായി.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം | നടപ്പിലാക്കിയത് | ഭാഗികമായി | നടപ്പാക്കാത്തവ | പൂർത്തീകരിച്ച |
|---|---|---|---|---|---|

| | ലഭിച്ചത് | | നടപ്പാക്കിയത് | | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 2016-17 | 182 | 94 | 7 (സ്പിൽ ഓവർ പദ്ധതികൾ ) | 81 | 51.64 % |

# 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

എ) മേഖല തിരിച്ചുള്ള പദ്ധതിച്ചെലവ്

| *വികസന മേഖല* | *അംഗീകരിച്ച പ്രോജക്ടുകൾ* | | *നടപ്പാക്കിയ പ്രോജക്ടുകൾ* | | |
|---|---|---|---|---|---|
| | *എണ്ണം* | *അടങ്കൽ തുക* | *എണ്ണം* | *ചെലവ് തുക* | *ചെലവ് ശതമാനം* |
| ഉല്പാദനം | 15 | 15920475 | 14 | 7354595 | 46 |
| സേവനം | 52 | 15311569 | 38 | 13701063 | 89 |
| പശ്ചാത്തലം | 115 | 17079842 | 42 | 6152649 | 36 |
| ആകെ | 182 | 48311886 | 94 | 27208307 | 56 |

പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ

ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെ ബാധിക്കുന്നു.

   പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെ വളരെ ഗുരുതരമായി ബാധിക്കുന്നു. സേവന മേഖലയിൽ 52 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 38 എണ്ണം മാത്രമാണ് നടപ്പിലാക്കിയത്. പൊതുമരാമത്ത് പ്രവൃത്തികൾക്കായി 115 പ്രോജക്ടുകളാണ് ആവിഷ്ക്കരിച്ചുവെങ്കിലും 42 എണ്ണം മാത്രമാണ് നടപ്പിലായത്. ഇവയിൽ മിക്കതും തന്നെ 2 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളാണ്. ലോക ബാങ്ക് ധനസഹായമായി ലഭിച്ച തുക പോലും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായാണ് ചെലവഴിച്ചിരിക്കുന്നത്. പ്രോജക്ടുകളുടെ എണ്ണം കുറച്ച് പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കുന്ന നിരവധി പഞ്ചായത്തുകൾ ജില്ലയിലുണ്ട്. വർഷങ്ങളായി സ്പിൽ ഓവറായി പല പ്രോജക്ടുകളും തുടരുന്നു. ഖരമാലിന്യ നിർമ്മാർജ്ജന പ്ലാന്റ്, ശ്മശാന നിർമ്മാണത്തിന് ഭൂമി വാങ്ങൽ എന്നിവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്.

2. എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

3. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

4. പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, വൃദ്ധർ, ഭിന്നശേഷിയുള്ളവർ, യുവജനങ്ങൾ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

5. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനു പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവച്ച് താരതമ്യേന ചെറുതും, ഫലപ്രാപ്തി കുറഞ്ഞതുമായ പദ്ധതികൾ ഏറ്റെടുക്കുന്നു.
6. വാർഡ് വിഭജനമെന്ന സങ്കുചിതമായ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ആശാസ്യകരമല്ല. ഒരു റോഡിന്റെ മുഴുവൻ ചെയ്നേജ് പരിഗണിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നില്ല.

7. ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ചു തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. ഇതുമൂലം മരാമത്ത് പ്രവൃത്തികളുടെ 30 ലക്ഷം രൂപയുടെ ബില്ലുകൾ ട്രഷറി ക്യൂവിൽപ്പെട്ടു. ഈ തുക നാളിതുവരെ തിരികെ കിട്ടിയിട്ടില്ല

8. തൻവർഷം മിക്ക മരാമത്തുപ്രവൃത്തികളും ഗുണഭോക്തൃസമിതികൾ മുഖേനയാണ് നിർവ്വഹിച്ചിരിക്കുന്നത്. ടെണ്ടർ മുഖേന പ്രവൃത്തികൾ നിർവ്വഹിച്ചിരുന്നുവെങ്കിൽ മത്സരാധിഷ്ഠിത ടെണ്ടറുകളിലൂടെ എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ നിരക്കിൽ കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാനുള്ള സാധ്യതയുണ്ടായിരുന്നു. ആയതിലൂടെ പദ്ധതിപ്പണം ലാഭിക്കാമായിരുന്നു എന്നു മാത്രമല്ല, ടെണ്ടർ ഫോറം വിൽപ്പന, ഇ.എം.ഡി, സെക്യൂരിറ്റി എന്നീയിനങ്ങളിൽ പഞ്ചായത്തിന് വരുമാനവും ഉണ്ടാകുമായിരുന്നു.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-8 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4829260 | 6429127 | 1599867 | (+)33 |
| നികുതിയേതര വരവുകൾ | 265387 | 328380 | 62993 | (+)23.7 |
| മറ്റ് വരവുകൾ | 436431 | 507067 | 70636 | (+)16.18 |
| ആകെ | 5531078 | 7264574 | 1733496 | (+)31.3 |

2016-17 വർഷം നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തു നികുതി ഡേറ്റ എൻട്രി പൂർത്തീകരിച്ചിട്ടില്ല. അനധികൃത കെട്ടിടങ്ങൾക്ക് താത്ക്കാലിക കെട്ടിട നമ്പർ നൽകിയിട്ടുണ്ടെങ്കിലും ഇവ സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെട്ടിട്ടില്ല. അനധികൃത കെട്ടിടങ്ങളിൽ നിന്നും മൂന്നിരട്ടി വസ്തു നികുതി ഈടാക്കേണ്ടതാണ്.

## 1-9 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 314 | 2628430 |
| വിധവാ പെൻഷൻ | 903 | 9233770 |
| വാർദ്ധക്യകാല പെൻഷൻ | 1418 | 15632225 |
| വികലാംഗ പെൻഷൻ | 196 | 1842725 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ (>50) | 41 | 338680 |
| തൊഴിൽ രഹിത വേതനം | 88 | 155280 |
| ആകെ | 2960 | 29831110 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.06.2017-ൽ 3 P.M ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പ് തുകയായ 36091/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.04.2017-18.04.2017 | 2017 ഫെബ്രുവരി, മാർച്ച് | റിപ്പോർട്ട് നാളിതുവരെ പഞ്ചായത്തിന് നൽകിയിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.06.2012 | 2007-08 മുതൽ 2011-12 | 08.05.2017 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അർഹത ഉറപ്പാക്കാതെ വിമുക്ത ഭടൻമാർക്ക് വസ്തുനികുതി ഇളവ് നൽകി

വിമുക്ത ഭടൻമാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാൻമാർ/ ജവാൻമാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഒരു ഭവനത്തിന് വസ്തുനികുതി ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച് നിബന്ധനകൾ നിശ്ചയിച്ചുകൊണ്ട് 02/07/2013 -ലെ ജി.ഒ.(എം.എസ്) 242/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ച് തറവിസ്തീർണ്ണം 2000 ചതുരശ്ര അടിയിൽ (186m2) കവിയാത്ത ഒരു വീടിന് മാത്രമേ വസ്തു നികുതി ഇളവിന് അർഹതയുള്ളു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2000 ചതുരശ്ര അടിയിൽ കവിയുന്ന സംഗതിയിൽ 2000 വരെ നികുതി ഒഴിവാക്കാമെന്നും ബാക്കിയുള്ള തറവിസ്തീർണ്ണം കണക്കാക്കി വസ്തു നികുതി ഈടാക്കണമെന്ന് സ്പഷ്ടീകരണവും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ ഇതിനു വിരുദ്ധമായി താഴെ പറയുന്ന കെട്ടിടങ്ങൾക്ക് പൂർണ്ണമായും നികുതി ഇളവ് അനുവദിച്ചു.

| ക്രമ നം. | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം (ചതുരശ്ര മീറ്റർ) |
|---|---|---|---|
| 1 | II/158 | കെ.ജോർജ്, പീസ് വില്ല | 204 |
| 2 | II/262 | കെ.ജി മത്തായി, ആറ്റുകടവിൽ | 204 |
| 3 | II/212 | തങ്കമ്മ ഡാനിയേൽ, കൊച്ചുതെക്കേതിൽ | 190 |
| 4 | II/460 | കേണൽ സി.കെ കോശി, ചെമ്പകശ്ശേരിൽ | 259.39 |
| 5 | VI/75 | ശാന്തമ്മ എൻ.ജി,നഗരൂർ വീട് | 193.91 |
| 6 | VI/87 | പ്രസാദ് കെ.ജി, പ്രണവം | 216.95 |

| | | | |
|---|---|---|---|
| 7 | VI/115 | പ്രദീപ് കുമാർ, ചക്കം കുഴിയിൽ | 234 |
| 8 | VI/500 | കേണൽ ഹരികുമാർ എം പണിക്കർ | 210 |
| 9 | VIII/109 | പി.ജി മാമ്മച്ചൻ, പുളിയത്ത് പുത്തൻ വീട് | 223.47 |
| 10 | VIII/127 | ചിന്നമ്മ ജോർജ്, ജെസ്സി വില്ല | 235 |
| 11 | VIII/270 | ശ്രീദേവി ജി കുറുപ്പ്, കൊക്കോട്ടു കാലായിൽ | 234 |
| 12 | IX/237 | പി.പങ്കജാക്ഷക്കുറുപ്പ്, മകയിരം | 196 |
| 13 | IX/435 | ജോർജ്ജ് കുട്ടി,വിത്സ വിഹാർ | 196 |
| 14 | X/223 | ജനാർദ്ധനൻ നായർ, ശ്രീലക്ഷ്മി | 213 |
| 15 | XI/1 | സി.രഘുനാഥൻ പിള്ള, കോട്ടൂർ വീട് | 236 |
| 16 | XI/457 | ബേബിക്കുട്ടി ഇ.ഡി, ഇരിപ്പൂവിളയിൽ | 215 |
| 17 | XV/403 | ശങ്കരൻ കുട്ടി നായർ, വിഷ്ണു നിവാസ് | 190 |

അർഹതയില്ലാത്തവർക്ക് ഇളവ് അനുവദിച്ചത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായിട്ടുണ്ട്. ആയതിനാൽ മേൽ സൂചിപ്പിച്ചവരിൽ നിന്നും സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വസ്തു നികുതി ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 കാലാവധി കഴിഞ്ഞ പെർമിറ്റുകൾ; തുടർനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച

2010 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ ഇഷ്യൂ ചെയ്തതും കാലാവധി കഴിഞ്ഞതുമായ പെർമിറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| വർഷം | കാലാവധി കഴിഞ്ഞ പെർമിറ്റുകൾ |
|---|---|

| | |
|---|---|
| 2010-11 | 122 |
| 2011-12 | 99(NOC) |
| 2012-13 | 64(NOC)<br>1(permit) |
| 2013-14 | 91 |

പെർമിറ്റ് കാലാവധി കഴിഞ്ഞ സൈറ്റുകൾ പരിശോധിച്ച് നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന വിവരം ഉറപ്പാക്കുന്നില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിട നമ്പർ നൽകിയ വിവരം പേർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അക്കാര്യം പെർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തതിനാൽ സമയബന്ധിതമായി കംപ്ളീഷൻ പ്ളാൻ ഫയൽ ചെയ്ത് വസ്തു നികുതി അടവാക്കാൻ സന്നദ്ധരാകാത്ത കെട്ടിട ഉടമകൾക്കെതിരേ നിയമാനസൃത നടപടികൾ സ്വീകരിക്കുന്നില്ല. ഇത് മൂലം കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി പെർമിറ്റിന് അപേക്ഷിക്കുന്നവർക്ക് കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചാലും ഗ്രാമപഞ്ചായത്തിനെ അറിയിക്കുന്നില്ല. ഇത് മൂലം വസ്തുനികുതി നിർണ്ണയിക്കാൻ കഴിയാതെ വലിയ നഷ്ടമാണ് ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്നത്. മാത്രമല്ല കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുടർ നിരീക്ഷണം സാധ്യമാകുന്നില്ല. ആയത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-3 സെന്റ് ഗ്രിഗോറിയസ് സീനിയർ സെക്കൻഡറി സ്കൂളിനെ നാളിതുവരെ വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

പ്രൈമറി സ്കൂളായി ആരംഭിച്ച് ഇപ്പോൾ പ്ലേ ക്ലാസ് മുതൽ ഹയർ സെക്കൻഡറി വരെയുള്ള കുട്ടികൾ പഠിക്കുന്ന അൺ എയ്ഡഡ് മേഖലയിലുള്ള പ്രധാന സ്കൂളായ കൈപ്പട്ടൂർ സെന്റ് ഗ്രിഗോറിയസ് സീനിയർ സെക്കൻഡറി സ്കൂൾ നാളിതുവരെ വസ്തുനികുതി അസ്സസ്സ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. മൂന്നു നിലകളുള്ള നാല് ബ്ലോക്കുകളായി പുതിയ കെട്ടിടവും കിഡ്സ് വിഭാഗത്തിനായുള്ള പഴയ കെട്ടിടവും ആണ് സ്കൂളിലുള്ളത്. കെട്ടിടനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് എടുത്തിട്ടില്ല. 6/6/2007ലെ ജി.ഒ(എം.എസ്)150/07/തസ്വഭവ പ്രകാരമാണ് എല്ലാ പഞ്ചായത്തിലും കെട്ടിട നിർമ്മാണ നിയമം ബാധകമാക്കിയത്. ആയതിനാൽ അതിനുശേഷമുള്ള എല്ലാ നിർമ്മാണങ്ങൾക്കും ഗ്രാമപഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. അനധികൃത നിർമ്മാണത്തിനെതിരെ ഗ്രാമപഞ്ചായത്തും നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൈപ്പട്ടൂർ ജംഗ്ഷന് സമീപം സ്ഥിതിചെയ്യുന്ന സ്കൂളിൽ നടന്ന നിർമ്മാണ പ്രവർത്തനങ്ങൾ അധികൃതരുടെ ശ്രദ്ധയിൽപ്പെട്ടില്ല എന്നതും ഗൗരവതരമാണ്.

2013-ലെ കേരള പഞ്ചായത്തീരാജ് ഭേദഗതി നിയമം 23 പ്രകാരം 2011 ജനവരി 14 മുതൽ 2012 നവംബർ 24 വരെയുള്ള കാലയളവിലെ വസ്തു നികുതി ഒടുക്കാൻ ഹയർ സെക്കൻഡറി തലം വരെയുള്ള എല്ലാ അംഗീകൃത അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളും ബാധ്യസ്ഥരാണ്. വസ്തു നികുതി നിർണ്ണയിച്ച് ഈ കാലയളവിലെ നികുതി അടവാക്കേണ്ടതാണ്. അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് വസ്തു നികുതി ഇളവിന് അർഹതയില്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമാണോ സ്കൂൾ കെട്ടിടം നിർമ്മിച്ചതെന്ന് ഉറപ്പുവരുത്തി അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതും നിയമം അനുശാസിക്കുന്ന രീതിയിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 അൺ എയ്ഡഡ് സ്കൂളിലെ ജീവനക്കാരിൽ നിന്നും കുറഞ്ഞ നികുതി ഈടാക്കുന്നു

അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും സർക്കാർ നിർദ്ദേശിച്ചിട്ടുള്ള വേതനം നൽകാത്തതിലൂടെ പഞ്ചായത്തിലേക്ക് ലഭിക്കേണ്ട നികുതിയിൽ കുറവ് വന്നതായി കാണുന്നു. സെന്റ് ഗ്രിഗോറിയസ് സീനിയർ സെക്കൻഡറി സ്കൂൾ, കൈപ്പട്ടൂർ, വിവേകാനന്ദ വിദ്യാപീഠം, അഗാപ്പേ, ഞക്കുനിലം എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ ശമ്പളം വളരെ കുറവായാണ് സ്റ്റേറ്റ്മെന്റുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ നിജസ്ഥിതി പരിശോധിക്കപ്പെടേണ്ടതാണ്.

മേൽപറഞ്ഞ സ്ഥാപനങ്ങൾ സി.ബി.എസ്.ഇ യുടെ മാർഗ്ഗനിർദ്ദേശം പാലിക്കാതിരിക്കുന്നതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടാകുന്നു. മിക്ക അധ്യാപകരുടേയും തൊഴിൽ നികുതി 300 രൂപയാണ്. സ്കൂൾ ജീവനക്കാർക്ക് നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതുമൂലമാണ് പഞ്ചായത്തിനും നികുതി നഷ്ടമുണ്ടാകുന്നത്.

അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കേന്ദ്ര സർക്കാരോ അതത് സംസ്ഥാന സർക്കാരുകളോ നൽകിവരുന്ന ശമ്പളവും അലവൻസുകളുമാണ് അംഗീകൃത സി.ബി.എസ്.ഇ സ്കൂളുകളിലെ അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്കും നൽകേണ്ടതെന്ന് സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ അഫിലിയേഷൻ ബൈലോയിലെ രണ്ടാം

അദ്ധ്യായത്തിലെ II 3.3(1)(c) ഉപചട്ടത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. സ്ഥിരം അഫിലിയേഷൻ ലഭിച്ചിട്ടുള്ള സി.ബി.എസ്.ഇ. സ്കൂളുകളിൽ താത്കാലിക അടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിക്കരുതെന്നും അദ്ധ്യാപക, അനദ്ധ്യാപക ജീവനക്കാർക്ക് കൺസോളിഡേറ്റഡ് 'പേ' നൽകരുതെന്നും, നിർദ്ദിഷ്ട ശമ്പള സ്കെയിൽ അനുവദിക്കണമെന്നും സ്ഥിരം അഫിലിയേഷൻ (ജനറൽ കണ്ടീഷൻസ്) ഉപചട്ടം II(c)(iii)(b) യിലും നിഷ്കർഷിച്ചിട്ടുണ്ട്.

നിയമാനുസൃതം ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരെ ഏതാനും അൺ എയ്ഡഡ് സി.ബി.എസ്.ഇ./ ഐ.സി.എസ്.സി. സ്കൂളുകളിലെ അദ്ധ്യാപകർ ബഹു:ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് ഹൈക്കോടതി ഈ വിഷയത്തിൽ 14.09.2012-ൽ 1042/2012-ാം നമ്പരായി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതു പ്രകാരം പ്രൈമറി സ്കൂൾ അദ്ധ്യാപകർക്ക് 10,000 രൂപയും, സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 15,000 രൂപയും, സീനിയർ സെക്കൻഡറി സ്കൂൾ അദ്ധ്യാപകർക്ക് 20,000രൂപയും മിനിമം പ്രതിമാസ വേതനമായി നിശ്ചയിച്ചു.

മേൽപറഞ്ഞ സ്കൂളുകളിലെ ജീവനക്കാരുടെ തൊഴിൽനികുതി സംബന്ധിച്ച അർദ്ധ വാർഷിക റിട്ടേണുകൾ പരിശോധിച്ചതിൽ, അദ്ധ്യാപകർക്ക് സി.ബി.എസ്.ഇ. യുടെ നിബന്ധനയോ ഹൈക്കോടതിയുടെ ഉത്തരവോ പ്രകാരമുള്ള ശമ്പളം നൽകുന്നില്ല എന്ന് വ്യക്തമാകുന്നു. ജീവനക്കാരുടെ തൊഴിൽനികുതി സ്വീകരിച്ച വേളയിൽ ഗ്രാമപഞ്ചായത്ത് ഈ വിവരം സ്കൂൾ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയില്ല. വരുമാന സ്റ്റേറ്റ്മെന്റുകളിലെ വിവരങ്ങൾ ശരിയാണോയെന്ന് ഉറപ്പുവരുത്തേണ്ടതും ഈ വിവരം സ്കൂൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതുമാണ്.

## 2-5 ഡി. & ഒ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു

ഡി&ഒ ലൈസൻസ് എടുക്കാത്ത നിരവധി സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു. 2016-17 സാമ്പത്തിക വർഷം ലൈസൻസ് എടുക്കാത്ത നിരവധി സ്ഥാപനങ്ങൾക്ക് ഫോറം 3- യിൽ നോട്ടീസ് നൽകിയിട്ടുണ്ട്. ഇതിൽ 2013-14 വർഷം മുതൽ ലൈസൻസ് എടുക്കാത്ത നിരവധി സ്ഥാപനങ്ങളുണ്ട്. എന്നാൽ എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകിയിട്ടില്ല. പഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ എല്ലാം തന്നെ ഡി & ഒ ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നത്. തൻ വർഷം നോട്ടീസ് നൽകിയ സ്ഥാപനങ്ങളുടെ ലിസ്റ്റ് പരിശോധിച്ചതിൽ രണ്ട് റേഷൻ കടകൾക്കു മാത്രമാണ് നോട്ടീസ് നൽകിയിട്ടുള്ളത്. എന്നാൽ ഈ രണ്ടു സ്ഥാപനങ്ങളുൾപ്പെടെ റേഷൻ കടകൾ ഒന്നും തന്നെ നാളിതുവരെ ഡി&ഒ ലൈസൻസ് എടുത്തിട്ടില്ല. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേ പരാമർശം ഉൾപ്പെടുത്തിയിരുന്നെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2015-16 വർഷം 189 സ്ഥാപനങ്ങൾക്കാണ് ഡി& ഒ ലൈസൻസ് നൽകിയിരുന്നത്. എന്നാൽ 2016-17 വർഷം ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ എണ്ണം 175 ആയി കുറഞ്ഞു. പഞ്ചായത്ത് പരിധിയിൽ നിയമാനുസൃതം പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകേണ്ടതും അല്ലാത്തവക്കെതിരെ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 രജിസ്ട്രേഷൻ പുതുക്കാത്ത ആയുർവേദ ചികിത്സാലയം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അഗസ്ത്യഹൃദയ ആയുർവേദ ചികിത്സാലയം എന്നസ്ഥാപനം 2016-17, 2017-18 വർഷങ്ങളിൽ പാരാമെഡിക്കൽ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനം 2015-16 വർഷം പഞ്ചായത്തിൽ രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്.

പഞ്ചായത്ത് ആക്റ്റ് വകുപ്പ് 270 പ്രകാരം പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയും ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ സ്ഥാപിക്കാൻ പാടുള്ളതല്ല. വകുപ്പ് 270 എ പ്രകാരം ആക്റ്റിൻ കീഴിൽ രജിസ്റ്റർ ചെയ്യാതെ സ്വകാര്യ ആശുപത്രി പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാളും കുറ്റ സ്ഥാപനത്തിന്മേൽ 5000/- രൂപ വരെ ആകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും അഞ്ഞൂറു രൂപ വരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

അംഗീകാരമില്ലാതെ സ്ഥാപനം പ്രവർത്തിച്ചിട്ടും പഞ്ചായത്ത് അതിനെതിരെ നടപടികൾ സ്വീകരിക്കാതിരുന്നത് ശരിയായ നടപടിയല്ല.പഞ്ചായത്ത് രാജ് ആക്റ്റ് പ്രകാരമുള്ള പിഴ ഈടാക്കുന്നതിനും മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ലൈസൻസ് നൽകുന്നതിനുമുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ലാന്റ് അക്വിസിഷൻ കേസുകൾ- ഗ്രാമപഞ്ചായത്തിന്റെ ബാധ്യത പെരുകുന്നു

വള്ളിക്കോട്-കൊടുമൺ അങ്ങാടിക്കൽ കുടിവെള്ള പദ്ധതിക്ക് വാട്ടർ ടാങ്കും ട്രീറ്റ്മെന്റ് പ്ലാന്റും സ്ഥാപിക്കുന്നതിനായി സ്ഥലം അക്വയർ ചെയ്തത് ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ അധിക ബാധ്യത ഉണ്ടാക്കി.

വള്ളിക്കോട്, കൊടുമൺ എന്നീ ഗ്രാമപഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ലക്ഷ്യമിട്ട് വാട്ടർ അതോറിറ്റി നടപ്പിലാക്കിയ വള്ളിക്കോട്-കൊടുമൺ അങ്ങാടിക്കൽ കുടിവെള്ള പദ്ധതിയ്ക്കായി വള്ളിക്കോട് ഗ്രാമപഞ്ചായത്തിൽ നിന്നും 48.5 ആർ സ്ഥലം ലാന്റ് അക്വിസിഷൻ നടപടികളിലെ അർജൻസി ക്ലോസിലൂടെ 28.12.2001-ലെ നോട്ടിഫിക്കേഷൻ പ്രകാരം ഏറ്റെടുത്തിരുന്നു. ഗ്രാമപഞ്ചായത്ത് പദ്ധതിയ്ക്കാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകാമെന്ന വ്യവസ്ഥ പ്രകാരമാണ് വാട്ടർ അതോറിറ്റി കുടിവെള്ള പദ്ധതി ആവിഷ്കരിച്ചത്. വള്ളിക്കോട് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 4.3.98-ലെ 1-ാം നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥലം അക്വയർ ചെയ്യുന്നതിന് അനുമതിയ്ക്കായി സർക്കാരിനോട് അപേക്ഷിക്കുകയും ജി.ഒ(ആർ.റ്റി)1077/98/തഭവ നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. സർക്കാരിന് ഇക്കാര്യത്തിൽ യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടായിരിക്കില്ലെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും വ്യവഹാരം ഉണ്ടായാൽ ഗ്രാമപഞ്ചായത്ത് പൂർണ്ണ ഉത്തരവാദിയായിരിക്കുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ഒരു സെന്റിന് 25000/- രൂപയാണ് സ്ഥലമുടമകൾ ആവശ്യപ്പെട്ടതെങ്കിലും ഒരു ആറിന് 8237 രൂപയാണ് ലാന്റ് അക്വിസിഷൻ തഹസീൽദാർ നിശ്ചയിച്ച് നൽകിയത്. ശ്രീ.രാജേന്ദ്രൻ ഉണ്ണിത്താൻ, ശ്രീമതി.സുമതിയമ്മ, ശ്രീ.വാസുദേവക്കുറുപ്പ്, ശ്രീമതി.സരോജിനിയമ്മ എന്നിവരിൽ നിന്നും യഥാക്രമം 4.86ആർ, 6.50ആർ, 16.14ആർ, 21ആർ എന്നിങ്ങനെയാണ് സ്ഥലം ഏറ്റെടുത്തത്.

സ്ഥലമുടമകൾക്ക് നൽകുന്നതിനായി 5 ലക്ഷം രൂപ ഗ്രാമപഞ്ചായത്ത് ലാന്റ് അക്വിസിഷൻ തഹസീൽദാർക്ക് കൈമാറിയിരുന്നു. വസ്തു ഉടമകൾ തുക കൈപ്പറ്റിയെങ്കിലും കോംപെൻസേഷൻ തുക കുറവാണെന്ന് കാണിച്ച് ശ്രീ.രാജേന്ദ്രൻ ഉണ്ണിത്താൻ പത്തനംതിട്ട സബ്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു(LAR 3/2004). കോംപെൻസേഷൻ തുക ഒരു ആറിന് 8237 രൂപയിൽ നിന്ന് 20000/- രൂപയായി ഉയർത്തി കോടതി വിധി പ്രഖ്യാപിച്ചു (27.11.2006). ലാന്റ് അക്വിസിഷൻ ആക്റ്റിലെ സെക്ഷൻ 28A പ്രകാരം LAR കേസിൽ കോടതി നിർദ്ദേശിക്കുന്ന നഷ്ടപരിഹാരത്തുക ലഭിക്കുന്നതിന് മറ്റ് കക്ഷികൾക്കും അർഹതയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ മറ്റ് മൂന്ന് സ്ഥലമുടമകളും നഷ്ട പരിഹാര തുക പുനർനിർണ്ണയിച്ച് കിട്ടുന്നതിനായി ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർക്ക് അപേക്ഷ സമർപ്പിക്കുകയും (14.3.2007) ഇത് അംഗീകരിച്ച് നഷ്ട പരിഹാരത്തുക കക്ഷികൾക്ക് നൽകാൻ ഗ്രാമ പഞ്ചായത്തിനോടാവശ്യപ്പെടുകയും ചെയ്തു. നൽകേണ്ട തുക കണക്കാക്കി നിരവധി പ്രാവശ്യം ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ ഗ്രാമ പഞ്ചായത്തിന് കത്ത് നൽകിയിരുന്നുവെങ്കിലും നിയമോപദേശം തേടാതെ ഗ്രാമ പഞ്ചായത്ത് സബ്കോടതി വിധിയ്ക്ക് എതിരേ ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുകയാണ് ചെയ്തത് (LAA1753/07). കോടതി ആവശ്യപ്പെട്ടതനുസരിച്ച് 28000/-രൂപ ഒടുക്കുകയും ചെയ്തിരുന്നു. എന്നാൽ അപ്പീൽ കോടതി തള്ളുകയും എതിർ കക്ഷിയായ ശ്രീ.രാജേന്ദ്രൻ ഉണ്ണിത്താൻ സമർപ്പിച്ച ക്രോസ് ഒബ്ജക്ഷൻ 80/12 അനുവദിച്ചുകൊണ്ട് കോംപെൻസേഷൻ തുക ഒരു ആറിന് 20000 രൂപയിൽ നിന്നും 40000/-രൂപയായി ഉയർത്തുകയും ചെയ്തു (7/12/12). ഉയർത്തിയ കോംപെൻസേഷൻ തുക ആവശ്യപ്പെട്ട് മറ്റ് സ്ഥലമുടമകളും ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് (5.3.13). LAA1753/07 കേസിലെ വിധി പ്രകാരമുള്ള തുക അനുവദിക്കാത്തതിനെതിരേ ശ്രീ.രാജേന്ദ്രൻ ഉണ്ണിത്താൻ എക്സിക്യൂഷൻ പെറ്റീഷൻ (60/13) ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ തഹസീൽദാർ നിശ്ചയിച്ച് നൽകിയ തുക (മുൻകൂറായി ഒടുക്കിയ 28000/രൂപ കുറച്ച്) 528284/- ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്. (ചെക്ക് നമ്പർ 176829/20.12.15). പൊന്നും വില നിയമം സെക്ഷൻ 28(എ) പ്രകാരം മറ്റ് മൂന്ന് സ്ഥലമുടമകളുടേയും അപേക്ഷകളുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ അനുമതിയോടെ അവാർഡ് തുക നിശ്ചയിച്ച് ലാന്റ് അക്വിസിഷൻ സ്പെഷ്യൽ തഹസീൽദാർ 26/8/16 ന് കത്ത് നൽകിയിരുന്നു. എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്ത് തുക ഒടുക്കിയിട്ടില്ല. നൽകേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| സ്ഥലമുടമകളുടെ പേര് | സരോജിനിയമ്മ | വാസുദേവക്കുറുപ്പ് | സുമതിയമ്മ | ആകെ |
|---|---|---|---|---|
| ആകെ അവാർഡ് തുക | 645987.84 | 495915.29 | 200647.16 | 1342550 |
| നാളിതുവരെ നൽകിയത് | 266546 | 204288 | 83201 | 554035 |
| നൽകാനുള്ള അവാർഡ് തുക | 379441 | 291628 | 117446 | 788515 |
| 2/1/04 മുതൽ 30/10/16 വരെയുള്ള പലിശ(15%) | 460883 | 354222 | 142655 | 957760 |

| | | | | |
|---|---|---|---|---|
| | | | | |
| ആകെ | 840324 | 645850 | 260101 | 1746275 |

തനത് വരുമാനം കുറവുള്ള ഗ്രാമ പഞ്ചായത്തിന് വലിയ സാമ്പത്തിക ബാധ്യതയാണ് ഇതുമൂലമുണ്ടായിട്ടുള്ളത്. സബ്കോടതി വിധിച്ച കോംപെൻസേഷൻ അംഗീകരിച്ച് തുക നൽകിയിരുന്നുവെങ്കിൽ ഇത്രയധികം ബാധ്യത പഞ്ചായത്തിനുണ്ടാവുമായിരുന്നില്ല. പഞ്ചായത്ത് അപ്പീൽ നൽകിയതുമൂലം എതിർകക്ഷിയ്ക്ക് അനുകൂലമായി വിധിയുണ്ടാവുകയും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തികബാധ്യത ഇരട്ടിയിലധികമായി മാറുകയും ചെയ്തു. 30/10/16 വരെയുള്ള പലിശ കണക്കാക്കിയിരിക്കുന്നത് 957660 രൂപയാണ്. കോംപെൻസേഷൻ തുക നൽകാത്തത് കാരണം പലിശയിനത്തിലുള്ള ബാധ്യത നാൾക്കുനാൾ പെരുകുകയാണ്. ഒ.ഡി.എഫ്. പദ്ധതിയ്ക്കായി വികസനഫണ്ട് ചെലവഴിച്ചതിന് പകരം ശുചിത്വമിഷനിൽ നിന്നും ലഭിച്ച ഫണ്ട് വകയിരുത്തി അവാർഡ് തുക നൽകുന്നതിനായി 2017-18 വർഷം പ്രോജക്ട് ആവിഷ്കരിച്ചിട്ടുണ്ട്. ലാന്റ് അക്വിസിഷൻ മൂലമുണ്ടായ അധിക ബാധ്യത ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായെങ്കിലും പൊതുടാപ്പുകൾ ഒഴിവാക്കിയില്ല; ഗ്രാമപഞ്ചായത്തിന് ലക്ഷങ്ങളുടെ അധിക ബാധ്യത

ലക്ഷങ്ങൾ ചെലവഴിച്ച് വള്ളിക്കോട്- കൊടുമൺ കുടിവെള്ള പദ്ധതി യാഥാർത്ഥ്യമായെങ്കിലും പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിലുള്ള പ്രതിവർഷ ചെലവ് 782256/- രൂപയാണ്. 149 പൊതുടാപ്പുകൾക്കായി പ്രതിമാസം 65188 രൂപ വെള്ളക്കരം അടയ്ക്കുന്നു. വള്ളിക്കോട്-കൊടുമൺ കുടിവെള്ള പദ്ധതിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1347കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് ആവശ്യപ്പെട്ടതനുസരിച്ച് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചിരുന്നു. ഇത്രയും ഗാർഹിക കണക്ഷനുകൾ നൽകിയിട്ടും പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കാൻ ഗ്രാമപഞ്ചായത്ത് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഗാർഹിക കണക്ഷനുകൾ അനുവദിച്ചുകൊണ്ട് പൊതുടാപ്പുകളുടെ എണ്ണം കുറയ്ക്കണമെന്ന് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടും ആയത് പാലിക്കാതിരുന്നത് മൂലം ലക്ഷങ്ങളുടെ അധിക ബാധ്യതയാണ് ഗ്രാമപഞ്ചായത്തിനുണ്ടാകുന്നത്. ആയതിനാൽ മേൽ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 നിയമാനുസൃതമല്ലാത്ത ബിൽ അംഗീകരിച്ച് തുക നൽകി

ഐ.സി.ഡി.എസ് സൂപ്പർവൈസർ, സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി 2016-17 വർഷം നടപ്പിലാക്കിയ പ്രോജക്ടുകളുടെ ഭാഗമായി ടെണ്ടർ ക്ഷണിച്ച് തമ്പുരാൻ കാലായിൽ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനത്തിൽ നിന്നും ഫർണിച്ചർ, ഇലക്ട്രിക് ഉപകരണങ്ങൾ എന്നിവ വാങ്ങിയതിൽ മൂല്യവർദ്ധിത നികുതിയുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടു. 2005-ലെ കേരള മൂല്യ വർദ്ധിത നികുതി ചട്ട പ്രകാരം വിൽപ്പനക്കാരൻ 8ബി ഫോറത്തിലാണ് സാധനങ്ങൾ വാങ്ങുന്നവർക്ക് ബില്ല് നൽകേണ്ടത്. നിശ്ചിത ഫോറത്തിലുള്ള ബില്ലിൽ ടിൻ നമ്പറും വാണിജ്യ നികുതി വകുപ്പിന്റെ രജിസ്ട്രേഷൻ നമ്പരും ഉണ്ടായിരിക്കണം. എന്നാൽ ഫോം നമ്പർ 8, ടാക്സ് ഇൻവോയ്സ് എന്ന് രേഖപ്പെടുത്തിയ ബില്ലിൽ ബിൽ നമ്പർ ചേർക്കാതെ ഇൻവോയ്സ് നമ്പർ/തീയതി മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇപ്രകാരം നിയമാനുസൃതമല്ലാത്ത ബില്ലാണ് വിൽപ്പനക്കാർ നൽകിയത്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ വിശദാംശം | ഉപകരണങ്ങളുടെ വില | മൂല്യ വർദ്ധിത നികുതി (VAT) | ആകെ തുക | സ്ഥാപനം ഹാജരാക്കിയ ബില്ലിന്റെ വിശദാംശം |
|---|---|---|---|---|
| അങ്കണ വാടികൾക്കാവശ്യമായ ഫർണിച്ചർ വാങ്ങൽ<br>എസ് 12/17<br>നിർവ്വഹണ ഉദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ | 84701 | 12281.65 | 96983 | ഇൻവോയ്സ്<br>G-1332-3/3/17 |

| | | | | |
|---|---|---|---|---|
| അടങ്കൽ- 99000<br>ചെലവ്-96983<br>ബിൽ നം/തീയതി-8/17 തീ15/3/17 | | | | |
| തെരുവ് വിളക്ക് മെയിന്റനൻസിന് സാധനങ്ങൾ വാങ്ങൽ<br>എസ് 105/17<br>നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി<br>അടങ്കൽ- 600000<br>ചെലവ്-94708<br>വൗച്ചർ നം/തീയതി-823/17 തീ23/2/17 | 85487 | 9221 | 94708 | ഇൻവോയ്സ്<br>G-1125-11/1/17 |
| സാംസ്കാരിക നിലയത്തിന് കസേര(നീൽകമൽ കസേര- 80 എണ്ണം)<br>എസ്114/17<br>നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി<br>അടങ്കൽ- 40000<br>ചെലവ്- 34000<br>വൗച്ചർ നം/തീയതി-1230/31.03.17 | 29694 | 4306 | 34000 | ഇൻവോയ്സ്<br>G-1502-21/3/17 |
| വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ<br>(നീൽകമൽ - 80 എണ്ണം)<br>എസ്/17<br>നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി<br>അടങ്കൽ- 35000<br>ചെലവ്- 32260<br>ബിൽ നം/തീയതി-1231/30.03.17 | 28175 | 4085 | 32260 | ഇൻവോയ്സ്<br>G-1501-21/3/17 |
| ആകെ നികുതി | | 25809 | | |

നിയമാനുസൃതമല്ലാത്ത ബില്ല് അംഗീകരിച്ച് തുക നൽകിയതുമൂലം നികുതിയിനത്തിൽ നൽകിയ 25809രൂപ സർക്കാരിന്

നഷ്ടപ്പെട്ടു. മേൽ വിൽപനകളിൽ നിന്നുമുള്ള നികുതി തമ്പുരാൻകാലായിൽ എന്ന സ്ഥാപനം വാണിജ്യ നികുതി വകുപ്പിൽ അടച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഈ വിഷയം തുടർ നടപടികൾക്കായി വാണിജ്യനികുതി വകുപ്പിന്റെയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-4 സാക്ഷരതാമിഷനിൽനിന്നും തിരികെ ലഭിക്കാനുള്ളത് 46838 രൂപ

ഗ്രാമപഞ്ചായത്തിലെ 2 തുടർ വിദ്യാകേന്ദ്രങ്ങളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള സാക്ഷരത പ്രേരക്, അസിസ്റ്റന്റ് പ്രേരക് എന്നിവർക്ക് ജില്ലാ സാക്ഷരതമിഷൻ കോർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓണറേറിയം, റ്റി.എ എന്നിവ നൽകിയിട്ടുണ്ട്. 3/4/14ലെ ജി.ഒ(ആർ.ടി)968/14/തസ്വഭവ ഉത്തരവ് പ്രകാരം തനത്/പൊതു ആവശ്യഫണ്ടിൽ നിന്നും ഓണറേറിയം നൽകുന്നതിന് അനുമതി നൽകിയിരുന്നു. ഈ തുക സാക്ഷരതാ മിഷൻ തിരികെ നൽകണം. ഓണറേറിയം, റ്റി.എ ഇനങ്ങളിൽ സാക്ഷരത പ്രേരക്മാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുകയിൽ 46838 രൂപ സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭിക്കാനുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| സാക്ഷരത- അക്കൗണ്ടിന്റെ വിശദാംശം | സർവ്വീസ് സഹകരണ ബാങ്ക്, വള്ളിക്കോട്<br>അക്കൗണ്ട് നമ്പർ: 4430 |
|---|---|
| വർഷാരംഭത്തിൽ ജില്ലാമിഷനിൽ നിന്നും ലഭിക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 70800 |
| തൻ വർഷം തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുക | 99438 |
| ആകെ | 170238 |
| ജില്ലാ മിഷനിൽ നിന്നും തൻ വർഷം ലഭിച്ച തുക | 123400 |
| വർഷാന്ത്യത്തിൽ ലഭിക്കുവാൻ അവശേഷിക്കുന്ന തുക | 46838 |

അവശേഷിക്കുന്ന തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-5 പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ്, 10.9.2014-ലെ ജി.ഒ(ആർ.ടി)288/14/I&PRDനം ഉത്തരവ് എന്നിവ പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | പരസ്യത്തിന്റെ വലിപ്പം(cm2),<br>നിരക്ക്/cm2 | നൽകിയ തുക | വൗച്ചർനം/ തീയതി | റിമാർക്സ് |
|---|---|---|---|---|
| മലയാള മനോരമ | 64<br>195 | 12488 | 21600785/21.02.17 | 18 മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് 25/11/16 ന് പ്രസിദ്ധപ്പെടുത്തിയ പരസ്യം |
| മലയാള മനോരമ | 26.60<br>195 | 5187 | 21600785/ 21.02.17 | 3 ടാറിംഗ് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിന് 31/12/16ന് പ്രസിദ്ധപ്പെടുത്തിയ പരസ്യം |
| മലയാള മനോരമ | 40<br>195 | 7800 | 21600785/ 21.02.17 | തെരുവ് വിളക്കുകളുടെ മെയിന്റനൻസായി |

| | | | | |
|---|---|---|---|---|
| | | | | 25/11/16ന് പ്രസിദ്ധപ്പെടുത്തിയ പരസ്യം |
| മലയാള മനോരമ | 56<br>195 | 10920 | 21600925/ 21.3.17 | ജനറേറ്റർ, വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടർ |
| മലയാള മനോരമ | 19<br>195 | 3705 | 21600920/ 20.03.17 | ലാപ്ടോപ്പ് വാങ്ങുന്നതിനായി 26/2/17 ന് പരസ്യം പ്രസിദ്ധപ്പെടുത്തി |
| മലയാള മനോരമ | 19<br>195 | 3705 | 21600920/ 20.03.17 | 9 മരാമത്ത് പ്രവൃത്തികൾ ടെണ്ടർ ചെയ്യുന്നതിനായുള്ള 26/2/17ലെ പരസ്യം |
| മലയാള മനോരമ | 26.6<br>195 | 5187 | 21600920/ 20.03.17 | ഒരു മരാമത്ത് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനായുള്ള 14/2/17ലെ പരസ്യം |
| മലയാള മനോരമ | 19<br>190 | 3705 | 21600920/ 20.03.17 | ഒരു മരാമത്ത് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനായുള്ള 17/2/17ലെ പരസ്യം |
| | | 52697 | | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 7905/ രൂപ (52697x15%) പരസ്യ ചെലവിനത്തിൽ കുറവുണ്ടാകുമായിരുന്നു എന്നത് തുടർ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. തനത് ഫണ്ടിൽ നിന്നും ഇപ്രകാരം അധികച്ചെലവുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. കൂടാതെ ഒരേ തീയതിയിൽ അസി.എൻജിനീയറും സെക്രട്ടറിയും വെവ്വേറെ പരസ്യം നൽകുന്നതും അധികച്ചെലവുണ്ടാക്കുന്നുണ്ട്. ആയതും തുടർ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-6 തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്- നടപടികൾ മാതൃകാപരം

തെരുവു വിളക്കുകളുടെ വൈദ്യുത ചാർജ്ജിനത്തിൽ 11/2015 വരെ പ്രതിമാസം 99782/- രൂപയാണ് അടവാക്കിക്കൊണ്ടിരുന്നത്. എന്നാൽ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചതോടുകൂടി ഈ തുക ശരാശരി 48000 രൂപയായി കുറയ്ക്കാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞു. തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ആകെ തുകയുടെ 50% തുക അടവാക്കിയാൽ മതിയായിരുന്നു. ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയതിനാൽ 159000/രൂപ മാത്രമാണ് ഗ്രാമപഞ്ചായത്തിന് ഈ ആവശ്യത്തിനായി ചെലവ് വന്നത്. സമയ ബന്ധിതമായ നടപടികളിലൂടെ വൈദ്യുത ചാർജ്ജിനത്തിലുള്ള ചെലവ് കുറച്ചതിനെ അഭിനന്ദിക്കുന്നു.

## 3-7 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി- തൊഴിലാളികളുടെ വേതനക്കുടിശ്ശിക 88.68 ലക്ഷം രൂപ

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2016-17 വർഷം 1.74 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചുവെങ്കിലും 88.68 ലക്ഷം രൂപ തൊഴിലാളികൾക്ക് വേതനമിനത്തിൽ നൽകുവാൻ ബാക്കിയുണ്ട്. കൂലി ലഭിക്കുന്നതിലെ കാലതാമസം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് ഈ മേഖലയിൽ ഉണ്ടാക്കിയിരിക്കുന്നത്. തൊഴിലുറപ്പ് ചട്ടപ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർ റോൾ

ക്ലോസ് ചെയ്ത തീയതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണ്. നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും .05% നിരക്കിൽ നഷ്ട പരിഹാരവും നൽകേണ്ടതാണ്. കേന്ദ്രസർക്കാരിൽ നിന്നും ഫണ്ട് യഥാസമയം ലഭിക്കാത്തതിനാൽ വേതനം നൽകാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

## 3-8 ജില്ലാപ്പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം നൽകാൻ കഴിഞ്ഞില്ല

| | |
|---|---|
| പ്രൊജക്റ്റിന്റെ പേരും നമ്പരും | നെൽകൃഷി വികസന പദ്ധതി, 29/2107 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 3148600<br>(വികസന ഫണ്ട്-ജനറൽ-700000/-<br>ജില്ലാപ്പഞ്ചായത്ത് വിഹിതം- 1856250/-<br>ഗുണഭോക്തൃവിഹിതം- 592350) |
| ചെലവ് | 732220<br>(വികസന ഫണ്ട്-681600/-<br>ഗുണഭോക്തൃ വിഹിതം- 50620/-) |

നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഉത്പാദനച്ചെലവായി ഹെക്ടറിന് 6000/- രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനും വിത്ത്, കൂലിച്ചെലവ് ഇവ നൽകുന്നതിനുമായിരുന്ന പദ്ധതി തയ്യാറാക്കിയത്. ഉത്പാദനച്ചെലവിനുള്ള സബ്സിഡി തുകയുടെ 60% ഗ്രാമപ്പഞ്ചായത്തും 40% ജില്ലാപ്പഞ്ചായത്തും വഹിക്കുന്നതിനായിരുന്ന പദ്ധതിയിൽ വിഭാവനം ചെയ്തത്. ഗ്രാമപഞ്ചായത്തിലെ അഞ്ച് പാടശേഖര സമിതികളിലെ 346 കർഷകർക്ക് ഈ പദ്ധതിയിൽ ഉത്പാദനച്ചെലവിന് ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്ത് വിഹിതമായി ഹെക്ടറിന് 3600/- രൂപയും ജില്ലാപ്പഞ്ചായത്ത് വിഹിതമായി 2400/- രൂപയുമാണ് വകയിരുത്തിയിരുന്നത്. എന്നാൽ ജില്ലാപ്പഞ്ചായത്ത് വിഹിതം ലഭിക്കാതിരുന്നതിനാൽ കർഷകർക്ക് അർഹമായ ധനസഹായം ലഭിച്ചിട്ടില്ല. ഓരോ കർഷകനും ഹെക്ടറിന് 2400/- രൂപ കുറവായാണ് ലഭിച്ചിട്ടുള്ളത്.

ഇതേ പ്രൊജക്റ്റിൽ ജില്ലാപ്പഞ്ചായത്തിൽ നിന്നും വിത്തും വളവും കർഷകർക്ക് ലഭ്യമാക്കുന്നതിനും തുക വകയിരുത്തിയിരുന്നു. ഇത് സംബന്ധിച്ച് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ജില്ലാ കൃഷി ഓഫീസർ വള്ളിക്കോട് കൃഷി ഓഫീസർക്ക് കത്ത് നൽകിയിരുന്നു. ജില്ലാപ്പഞ്ചായത്ത് വിഹിതം ലഭിക്കുന്നതിനു വേണ്ടി കൃഷി ഓഫീസർ ജില്ലാ കൃഷി ഓഫീസർക്ക് 20.10.2016 തീയതിയിൽ കത്ത് നൽകിയിരുന്നുവെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല.

എന്നാൽ ഇതേ പ്രൊജക്റ്റ് 2017-18 വർഷം സ്പിൽ ഓവറായി അംഗീകാരം നേടിയിട്ടുമില്ല. പദ്ധതി മോണിട്ടർ ചെയ്യേണ്ട കൃഷിയും അനുബന്ധ മേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ ജില്ലാപ്പഞ്ചായത്ത് വിഹിതം ലഭിക്കാത്തതിനാൽ കർഷകർക്ക് അർഹമായ ധനസഹായം ലഭിക്കാത്തതിനെപ്പറ്റി യാതൊരു പരാമർശവും വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഉണ്ടായിട്ടില്ല എന്ന് കാണാൻ കഴിഞ്ഞു. ജില്ലയിൽ ഏറ്റവും കൂടുതൽ വിസ്തൃതിയിൽ നെൽകൃഷി ഉള്ള പഞ്ചായത്തുകളിലൊന്ന് വള്ളിക്കോട് ഗ്രാമപഞ്ചായത്താണ്. എന്നാൽ കർഷകർക്ക് അർഹമായ ധനസഹായം ലഭ്യമാക്കുന്നതിൽ അധികാരികൾ ശ്രദ്ധ ചെലുത്തുന്നില്ല. ഈ വിഷയത്തിൽ ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-9 ആയുർവേദ മരുന്നുകൾ -പണം നൽകിയെങ്കിലും മരുന്നുകൾ ലഭ്യമായില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ പദ്ധതിക്കുവേണ്ടി (പ്രോജകട് നം. 22/16-17) വികസന ഫണ്ടിൽ നിന്നും ഔഷധിക്ക് 250000/- രൂപ (ഡി.ഡി.നമ്പർ. 477387 തീയതി 28.12.16) കൈമാറിയെങ്കിലും ഇൻവോയ്സ് പ്രകാരമുള്ള (നം.335, തീയതി 22.12.2016) എല്ലാ മരുന്നുകളും ലഭ്യമായില്ല. 121390/- രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാനുണ്ട്.

അടിയന്തിര പരിചരണം ആവശ്യമുള്ള രോഗികൾക്കായുള്ള മരുന്ന് ലഭ്യമാക്കാത്തത് ഗൗരവതരമാണ്. ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-10 പാലിയേറ്റീവ് കെയർ- പണം നൽകി -മരുന്നുകൾ ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ നിർവഹണോദ്യോഗസ്ഥനായ പാലിയേറ്റീവ് കെയർ പദ്ധതിക്കുവേണ്ടി (പ്രോജകട് നം 15/15-16) മരുന്നുകൾ വാങ്ങുന്നതിന് വികസന ഫണ്ടിൽ നിന്നും 105859/-രൂപയും (ബിൽ നമ്പർ .7 തീയതി 28.02.2017) ജില്ലാപ്പഞ്ചായത്ത് വിഹിതമായി ലഭിച്ച 100000/- (ചെക്ക് നമ്പർ.0282282 തീയതി 15.03.2017) രൂപയും കേരളാ മെഡിക്കൽ സർവീസ്

കോർപ്പറേഷന് 50000/- രൂപ (ഡി.ഡി.നമ്പർ 385730തീയതി18.02.16) കൈമാറിയെങ്കിലും നളിഇവരെയായി 26990/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായുള്ളൂ.

തുക കൈമാറി രണ്ടുമാസത്തിനുശേഷവും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. അടിയന്തിരപരിചരണം ആവശ്യമുള്ള രോഗികൾക്കായുള്ള മരുന്ന് ലഭ്യമാക്കാത്തത് ഗൗരവതരമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെൻറ് കമ്മിറ്റിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-11 സർവ്വശിക്ഷാ അഭിയാൻ - വിനിയോഗ സർട്ടിഫിക്കറ്റിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

2016-17 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ പ്രൈമറിസ്കൂളുകളുടെ സമഗ്രവികസനത്തിനായി എസ്.എസ്.എയ്ക്ക് നൽകിയ 300000/- രൂപ (പ്രൊ.നം.06/16) മൊത്തമായും വിനിയോഗിച്ചു എന്ന റിപ്പോർട്ടാണ് എസ്.എസ്.എ അധികൃതർ നൽകിയത്. എന്നാൽ അവരുടെ പ്രൊജക്ട് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പ്രവൃത്തികളും ഗ്രാമപ്പഞ്ചായത്തിലെ ബന്ധപ്പെട്ട സ്കൂളുകളിൽ നടപ്പാക്കി എന്ന് ഉറപ്പാക്കാൻ ഈ വിനിയോഗ സാക്ഷ്യപത്ര പ്രകാരം സാദ്ധ്യമല്ല. ഇത് സംബന്ധിച്ച് മോണിട്ടറിംഗ് നടത്തേണ്ട ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ ഈ വിഷയം സംബന്ധിച്ച് യാതൊരു തീരുമാനങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായതായി കാണാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഏതെല്ലാം ഇനത്തിലാണ് തുക ചെലവഴിച്ചതെന്ന കൃത്യമായ വിവരം പണം നൽകിയ ഏജൻസി എന്ന നിലയ്ക്ക് ഗ്രാമപ്പഞ്ചായത്ത് അറിയേണ്ടതായിട്ടുണ്ട്. ആയതിനാൽ ഇനം തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കാൻ എസ്.എസ്.എ യോട് ആവശ്യപ്പെടേണ്ടതാണ്.

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി സബ്സിഡി മാർഗ്ഗരേഖാ ഉത്തരവ് (ജി.ഒ(എം.എസ്) 4/2016 തസ്വഭവ. തീയതി 01.01.2016 പ്രകാരം എസ്സ്.എസ്സ്.എ യും വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ പങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണസ്ഥാപനവും ചേർന്നാണ് അതാത് തലത്തിലുള്ള പ്രൊജക്ട് തയ്യാറാക്കേണ്ടത്. തയ്യാറാക്കുന്ന പ്രൊജക്ട് ഭരണസമിതി അംഗീകരിക്കുകയും അംഗീകരിച്ച പ്രൊജക്ട് പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം വരും വർഷങ്ങളിൽ ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുത്തു നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ലഭ്യമായ വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 84.78 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല.

2016-17 സാമ്പത്തിക വർഷം പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപ്പഞ്ചായത്തിന് 28983038 രൂപ ലഭ്യമായെങ്കിലും 20504373 രൂപ മാത്രമാണ് ചെലവഴിച്ചത് (70.7%). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ആകെ അനുവദിക്കുന്ന അലോട്ട്മെന്റിൽ നിന്നും പ്രോജക്ടുകൾക്കായി ചെലവഴിക്കാതെ നീക്കിയിരുപ്പുണ്ടായിരുന്ന 84.78 ലക്ഷം രൂപ 19-09-2015 ലെ ജി.ഒ (പി) നം-419/2015/ ഫിൻ നമ്പർ ഉത്തരവ് പ്രകാരം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ സ്പിൽ ഓവർ ആകുന്ന പ്രോജക്ടുകൾക്ക് തൻ വർഷത്തെ അലോട്ട്മെന്റിൽ നിന്നും തുക ചെലവഴിക്കേണ്ടതായി വരുന്നു. സ്പിൽ ഓവർ പ്രോജക്ടുകൾക്ക് പ്രത്യേകം അലോട്ട്മെന്റ് ലഭിക്കാത്തതിനാൽ യഥാർത്ഥത്തിൽ ലഭിക്കുന്ന തുകയേക്കാൾ കൂടുതൽ തുക പ്രോജക്ടിനായി വകയിരുത്തുന്ന സാഹചര്യവും നിലനിൽക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | 2016-17ൽ ലഭിച്ച തുക | വാർഷിക പദ്ധതിയിൽ വകയിരുത്തിയ തുക | 2016-17 വർഷത്തെ ചെലവ് | ചെലവഴിക്കാതെ ശേഷിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ | 0 | 8297078 | 8392078 | 7970698 | 326380 | 96.07 |
| വികസന ഫണ്ട്- എസ്.സി.പി | 0 | 6534123 | 7417127 | 5607185 | 926938 | 85.81 |
| വികസന ഫണ്ട്- റ്റി.എസ്.പി | 0 | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4653705 | 4953705 | 2063553 | 2590152 | 44.34 |
| ലോകബാങ്ക് സഹായം | 0 | 2628927 | 2628927 | 187728 | 2441199 | 7.14 |
| സംരക്ഷണ ഗ്രാന്റ് -റോഡ് | 0 | 4314450 | 4562166 | 2705920 | 1608530 | 62.72 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് -റോഡിതരം | 0 | 2554755 | 3465204 | 1969289 | 585466 | 77.08 |
| ആകെ | | 28983038 | 31419207 | 20504373 | 2478665 | 70.7 |

സ്പിൽ ഓവർ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് തുക തൻവർഷത്തെ ബജറ്റ് അലോക്കേഷനിൽ നിന്നുമാണ് കണ്ടെത്തേണ്ടത് എന്നതിനാൽ പദ്ധതി നിർവ്വഹണം അതാത് വർഷം തന്നെ പൂർണ്ണമായും പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമാകുന്ന തുക ഗ്രാമപ്പഞ്ചായത്തിന് നഷ്ടമാവും. പ്രസ്തുത പ്രവണത മുന്നിൽകണ്ട് ഓരോ പ്രോജക്ടിലും വകയിരുത്തുന്ന തുക പൂർണ്ണമായും ചെലവഴിക്കുന്നതിനും പദ്ധതികൾ അതാത് വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയില്ല

ഗ്രാമപഞ്ചായത്തിൽ 28 അങ്കണവാടികളാണുള്ളത്. ഇവയിൽ 16 എണ്ണം സ്വന്തം കെട്ടിടത്തിലും, 12 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. 2016-17 വർഷം അങ്കണ വാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വസംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷത്തെയും മാർച്ച് മാസത്തിന്റെ അവസാനം ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എൻജിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത നിർദ്ദേശവും പാലിച്ചില്ല.

ടി സർക്കുലറിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 വികസന ഫണ്ട് അഡ്വാൻസായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു

ആശ്രയ പ്രോജക്റ്റിനായി 2016-17 വർഷം വകയിരുത്തിയ 5ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നം. 13/17 തീയതി 30/12/16) ആശ്രയ പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. ഈ തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. 'ആശ്രയ' അക്കൗണ്ടിൽ 18 ലക്ഷത്തോളം രൂപ വികസന ഫണ്ടിനത്തിൽ നീക്കിയിരിപ്പുണ്ട്. വികസന ഫണ്ട് മുൻകൂറായി പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കരുതെന്ന് ധനവിനിയോഗ മാർഗ്ഗരേഖയിൽ (ജി.ഒ(പി)177/2006 /ഫിൻ)സർക്കാർ വ്യക്തമാക്കിയിരുന്നു. മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വികസന ഫണ്ട് ആശ്രയ അക്കൗണ്ടിൽ നിഷ്ക്രിയമായി ശേഷിക്കുന്നത് തുടർ നടപടികൾക്കായി ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-15 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മതിയായ ധനസഹായം ഉറപ്പുവരുത്തുന്നില്ല

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് എ.പി.എൽ/ബി.പി.എൽ വേർതിരിവില്ലാതെ 100% സഹായം ഉറപ്പുവരുത്തേണ്ടതാണെന്ന് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിരിന്നിട്ടും 2016-17-ൽ ICDS സൂപ്പർവൈസർ നിർവ്വഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയിൽ 33 പേർക്കായി കേവലം 215000/- രൂപ മാത്രമാണ് വകയിരുത്തിയത്. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രതിവർഷം പരമാവധി 20000/-രൂപ വരെ ലഭിക്കാൻ അർഹതയുള്ളപ്പോൾ നാമമാത്രമായ തുക വകയിരുത്തിയതിലൂടെ പരമാവധി 7131- രൂപ മാത്രമാണ് നൽകാനായത്. നാമമാത്രമായ തുക മാത്രം പദ്ധതിക്കുവേണ്ടി വകയിരുത്തിയതിലൂടെ നിർബന്ധിത വകയിരുത്തൽ എന്ന രീതിയിൽ മാത്രമാണ് പഞ്ചായത്ത് പദ്ധതിയെ സമീപിച്ചത് എന്ന് വ്യക്തമാണ്. ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മതിയായ ധനസഹായം ഉറപ്പുവരുത്തുന്നതിന് ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും വിഹിതം ആവശ്യപ്പെടേണ്ടതും അർഹമായ പരമാവധി ധനസഹായം ലഭിക്കുന്ന തരത്തിൽ തുക വകയിരുത്താനുമുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-16 അങ്കണവാടികൾക്ക് എൽ.പി.ജി.സിലിണ്ടർ- സബ്സിഡി ക്ലെയിം ചെയ്യാൻ

## നടപടി സ്വീകരിച്ചിട്ടില്ല

അങ്കണവാടികൾക്ക് എൽ.പി.ജി സിലിണ്ടർ അനുവദിക്കുന്നത് Non Domestic Commercial Exempted Category(NCDE) എന്ന വിഭാഗത്തിലാണ്. ആയതിനാൽ തന്നെ എൽ.പി.ജി സബ്സിഡിയ്ക്ക് അർഹതയുണ്ട്. സബ്സിഡി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു നൽകുകയാണ് എന്നതിനാൽ ബാങ്ക് അക്കൗണ്ട് നമ്പർ ബന്ധപ്പെട്ട ഡിസ്ട്രിബ്യൂട്ടറെ അറിയിക്കണമെന്ന് ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ കൊച്ചി ഏരിയ ഓഫീസിൽ നിന്നും ഐ.സി.ഡി.എസ് സൂപ്പർവൈസറെ അറിയിച്ചിരുന്നു(29.12.16ലെ CAQ/s/10). എന്നാൽ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേരിൽ ബാങ്ക് അക്കൗണ്ട് തുടങ്ങി രേഖകൾ ഹാജരാക്കാത്തതിനാൽ നാളിതുവരെ എൽ.പി.ജി സബ്സിഡി ക്ലെയിം ചെയ്യാൻ കഴിഞ്ഞിട്ടില്ല. നിലവിൽ ഒരു സിലിണ്ടറിന് 689 രൂപയാണ് ഗ്രാമപഞ്ചായത്തിന് ചെലവ് വരുന്നത്. 28 അങ്കണവാടികൾക്ക് ഗ്യാസ് സിലിണ്ടർ വാങ്ങുന്നതിന് ആവശ്യമായതിന്റെ ഇരട്ടി തുകയാണ് നിലവിൽ ചെലവഴിക്കുന്നത്. ആയതിനാൽ ഭരണ സമിതിയുടെ അംഗീകാരത്തോടെ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ പേരിൽ ബാങ്ക് അക്കൗണ്ട് ആരംഭിച്ച് അർഹമായ സബ്സിഡി ക്ലെയിം ചെയ്യാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-17 റോഡ് പൊതുമരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ ക്രമക്കേട്

ലോകബാങ്ക് ധനസഹായം ഇനത്തിൽ ലഭിച്ച തുക വകയിരുത്തി ആവിഷ്കരിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ നടപടികളിൽ ക്രമക്കേട്. കരാറുകാർ ഒത്തുകളിച്ചു എന്ന് വ്യക്തമായ സാഹചര്യത്തിലും പ്രവൃത്തികൾ റീടെണ്ടർ ചെയ്തില്ല.

15 പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചുകൊണ്ട് 24-11-16 ൽ ആണ് പത്രപ്പരസ്യം നൽകിയത്. എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടറുകൾ മാത്രം സമർപ്പിക്കപ്പെട്ടു. ഓരോന്നിലും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ആയി സമർപ്പിച്ചിരുന്നത് എസ്റ്റിമേറ്റ് നിരക്കിലുള്ളതായിരുന്നു. ആയത് സംശയാസ്പദമാണെന്നും കരാറുകാർ ഒത്തുചേർന്ന് ടെണ്ടർ നടപടികൾ അട്ടിമറിക്കാൻ ശ്രമം നടത്തിയതായി വിലയിരുത്തുന്നു എന്നും സെക്രട്ടറി 13-12-16 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചു. ഈ ടെണ്ടറുകൾ അംഗീകരിക്കേണ്ടതില്ല എന്നും റീടെണ്ടർ നടത്തുന്നതിന് തീരുമാനിക്കാവുന്നതാണ് എന്നും സെക്രട്ടറി കമ്മിറ്റിയെ അറിയിച്ചു. എന്നാൽ റീടെണ്ടർ ചെയ്യുന്നതിലൂടെ പദ്ധതി പ്രവർത്തനങ്ങൾ വൈകുവാൻ ഇടയാകും എന്നതിനാൽ നെഗോഷിയേഷൻ നടത്തി പ്രവൃത്തികൾ പ്രസ്തുത കരാറുകാരെത്തന്നെ ഏൽപിക്കാം എന്ന് ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അഭിപ്രായപ്പെട്ടത് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ആയതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിക്കുകയാണ് ചെയ്തത്. (13-12-16 ലെ 2-ാം നംപർ തീരുമാനം) തുടർന്ന് 27-12-16 ൽ നടന്ന നെഗോഷിയേഷനിലൂടെ എല്ലാ പ്രവൃത്തികളും പ്രസ്തുത കരാറുകാർക്ക് തന്നെ എസ്റ്റിമേറ്റിനേക്കാൾ 6 % കുറഞ്ഞ നിരക്കിൽ ഏൽപിച്ചു. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനംപർ | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നംപർ, അടങ്കൽ | കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റ് നിരക്ക്) സമർപ്പിച്ച കരാറുകാരൻ | ലഭിച്ച ടെണ്ടറുകളുടെ എണ്ണം | നെഗോഷിയേറ്റ് ചെയ്ത നിരക്ക് |
|---|---|---|---|---|
| 1 | ചാങ്ങൂർപ്പടി - ചാങ്ങൂർക്കടവ് റോഡ് കോൺക്രീറ്റിംഗ് SO148/16-17 100000 | ബി.ബാലചന്ദ്രൻ നായർ, പുതിയ വീട്ടിൽ, ഇളപ്പുപാറ | 2 | 6 % കുറഞ്ഞ നിരക്ക് |
| 2 | കൊട്ടുമണ്ണേത്ത് പടി-കോയിക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് SO149/16-17 100000 | ബി.ബാലചന്ദ്രൻ നായർ, പുതിയ വീട്ടിൽ, ഇളപ്പുപാറ | 2 | 6 % കുറഞ്ഞ നിരക്ക് |
| 3 | പടിഞ്ഞാറ്റേത്ത് പടി - ഗവ.എൽ.പി.എസ് റോഡ് കോൺക്രീറ്റിംഗ് SO150/16-17 100000 | ബി.ബാലചന്ദ്രൻ നായർ, പുതിയ വീട്ടിൽ, ഇളപ്പുപാറ | 2 | 6 % കുറഞ്ഞ നിരക്ക് |
| 4 | തട്ടാരേത്ത് പടി- | ബി.ബാലചന്ദ്രൻ | 2 | 6 % കുറഞ്ഞ |

| | | | | |
|---|---|---|---|---|
| | പുളി നിൽക്കുന്നതിൽ പടി റോഡ് കോൺക്രീറ്റിംഗ് SO151/16-17 100000 | നായർ, പുതിയ വീട്ടിൽ, ഇളപ്പുപാറ | | നിരക്ക് |
| 5 | ഇലഞ്ഞിവേലിൽപ്പടി - പ്ലാങ്കൂട്ടത്തിൽപ്പടി റോഡ് കോൺക്രീറ്റിംഗ് SO152/16-17 100000 | ബി.ബാലചന്ദ്രൻ നായർ, പുതിയ വീട്ടിൽ, ഇളപ്പുപാറ | 2 | 6 % കുറഞ്ഞ നിരക്ക് |
| 6 | കുന്നത്തുപടി - കുട്ടപുഴക്കടവ് റോഡ് കോൺക്രീറ്റിംഗ് SO153/16-17 100000 | ബി.ബാലചന്ദ്രൻ നായർ, പുതിയ വീട്ടിൽ, ഇളപ്പുപാറ | 2 | 6 % കുറഞ്ഞ നിരക്ക് |
| 7 | കുറ്റേടത്ത് പടി - മുട്ടമൺ റോഡ് കോൺക്രീറ്റിംഗ് SO154/16-17 100000 | ബബിലു ടോം സക്കറിയ, കരമല എസ്റ്റേറ്റ്, പയ്യനാമൺ | 2 | 6 % കുറഞ്ഞ നിരക്ക് |
| 8 | നഗരൂർമണ്ണിൽ - മൂർത്തിമുരുപ്പ് - തെക്കേടത്ത് പടി റോഡ് കോൺക്രീറ്റിംഗ് SO155/16-17 100000 | ബബിലു ടോം സക്കറിയ, കരമല എസ്റ്റേറ്റ്, പയ്യനാമൺ | 2 | 6 % കുറഞ്ഞ നിരക്ക് |
| 9 | കാവുംമുറി - വിരിയൻകുഴി റോഡ് കോൺക്രീറ്റിംഗ് SO156/16-17 100000 | ഷാഹില.എ, താഴത്തുംവീട്, വലഞ്ചുഴി | 2 | 6 % കുറഞ്ഞ നിരക്ക് |
| 10 | കുരുമ്പേലിൽപ്പടി - ചേമേലിൽപ്പടി റോഡ് കോൺക്രീറ്റിംഗ് SO157/16-17 100000 | ബി.ബാലചന്ദ്രൻ നായർ, പുതിയ വീട്ടിൽ, ഇളപ്പുപാറ | 2 | 6 % കുറഞ്ഞ നിരക്ക് |
| 11 | മുകളുപറമ്പ് - പുലിയമ്മേൽ കോളനി റോഡ് കോൺക്രീറ്റിംഗ് SO158/16-17 100000 | ബി.ബാലചന്ദ്രൻ നായർ, പുതിയ വീട്ടിൽ, ഇളപ്പുപാറ | 2 | 6 % കുറഞ്ഞ നിരക്ക് |
| 12 | അംഗൻവാടി 81 – മലമ്പുറത്ത് കോളനി റോഡ് കോൺക്രീറ്റിംഗ് SO159/16-17 100000 | ബി.ബാലചന്ദ്രൻ നായർ, പുതിയ വീട്ടിൽ, ഇളപ്പുപാറ | 2 | 6 % കുറഞ്ഞ നിരക്ക് |
| 13 | ചാങ്ങേത്ത് പടി - വിരലുവേലിൽപ്പടി റോഡ് | ബബിലു ടോം സക്കറിയ, കരമല | 2 | 6 % കുറഞ്ഞ നിരക്ക് |

| | | | | |
|---|---|---|---|---|
| | കോൺക്രീറ്റിംഗ്<br>SO160/16-17 100000 | എസ്റ്റേറ്റ്, പയ്യനാമൺ | | |
| 14 | വിശ്വദർശനംപടി - ചുമലേത്ത് പടി റോഡ് കോൺക്രീറ്റിംഗ്<br>SO161/16-17 100000 | ബബില്ല ടോം സക്കറിയ, കരമല എസ്റ്റേറ്റ്, പയ്യനാമൺ | 2 | 6 % കുറഞ്ഞ നിരക്ക് |
| 15 | നരിയാപുരം പള്ളിപ്പടി - നരിയാപുരം ജംഗ്ഷൻ പടി റോഡ് കോൺക്രീറ്റിംഗ്<br>SO162/16-17 100000 | ബബില്ല ടോം സക്കറിയ, കരമല എസ്റ്റേറ്റ്, പയ്യനാമൺ | 2 | 6 % കുറഞ്ഞ നിരക്ക് |

കരാറുകാരൻ ടെണ്ടർ നടപടികൾ അട്ടിമറിച്ചു എന്നും എല്ലാ പ്രവൃത്തികൾക്കും " എസ്റ്റിമേറ്റ് നിരക്ക്" കുറഞ്ഞ ടെണ്ടർ ആയി സമർപ്പിക്കപ്പെട്ടതിലൂടെ നടപടികളിൽ സുതാര്യത ഇല്ല എന്നും റീടെണ്ടർ ചെയ്യണമെന്നും സെക്രട്ടറി വ്യക്തമായി അഭിപ്രായപ്പെട്ടിട്ടും പ്രവൃത്തികൾ റീടെണ്ടർ ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കാഞ്ഞത് അഭിലഷണീയമല്ല. മാത്രമല്ല, 1 ലക്ഷം രൂപ മാത്രം അടങ്കൽ ഉള്ള പ്രവൃത്തികൾ ആയതിനാലാണ് മതിയായ ടെണ്ടറുകൾ സമർപ്പിക്കപ്പെടാഞ്ഞത് എന്ന് വിലയിരുത്തുന്നു. മറ്റ് ഫണ്ട് കൂടി ഉൾപ്പെടുത്തി മതിയായ അടങ്കൽ വകയിരുത്തി എസ്റ്റിമേറ്റ് വിപുലീകരിക്കുകയും ഇ-ടെണ്ടർ ബാധകമാക്കുകയും ചെയ്തിരുന്നുവെങ്കിൽ ഇത്തരത്തിലുള്ള ക്രമക്കേടുകൾ ഉണ്ടാകുമായിരുന്നില്ല. "പദ്ധതി പ്രവർത്തനങ്ങൾ വൈകുവാൻ ഇടയാകും" എന്ന കാരണം 13-12-16-ൽ രേഖപ്പെടുത്തിയത് വസ്തുതാപരമല്ല. പ്രസ്തുത തീയതിയിൽ ഇ-ടെണ്ടർ മുഖേന പുനർ ദർഘാസ് നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ സമയപരിധിക്കകം പ്രവൃത്തികൾ ചെയ്യാൻ കഴിയുമായിരുന്നു. സുതാര്യമല്ലാത്ത ടെണ്ടർ നടപടികൾ പഞ്ചായത്ത് കമ്മിറ്റി അതേപടി അംഗീകരിക്കുകയും, കരാറുകാരുടെ താൽപര്യപ്രകാരം എല്ലാ പ്രവൃത്തികൾക്കും 6 % കുറഞ്ഞ നിരക്കിൽ ടെണ്ടർ അംഗീകരിക്കുകയും ചെയ്തത് ഗുരുതരമായ ക്രമക്കേടാണ്. ഒരു ഘട്ടത്തിലും അസിസ്റ്റന്റ് എഞ്ചിനീയർ ഇത് സംബന്ധിച്ച് വിയോജനം രേഖപ്പെടുത്തുകയോ റീടെണ്ടർ ചെയ്യണമെന്ന് അഭിപ്രായപ്പെടുകയോ സർക്കാരിനെ ഇക്കാര്യം അറിയിക്കുകയോ ചെയ്തിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണ്.

പ്രവൃത്തിസ്ഥലം കരാറുകാർക്ക് കൈമാറിയതായി രേഖകൾ ഫയലിൽ ഇല്ല. കരാറുകാരന്റെ ഒപ്പ് മാത്രം രേഖപ്പെടുത്തിയ ശൂന്യമായ മുദ്രപ്പത്രം മാത്രമാണ് സൂക്ഷിച്ചിട്ടുള്ളത്. വ്യവസ്ഥകൾ പൂർണ്ണമായി രേഖപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഒന്നൊഴികെ പ്രവൃത്തികൾ എല്ലാം തന്നെ ഓഡിറ്റ് വർഷത്തിന് ശേഷം പൂർത്തീകരിച്ചതായും പ്രതിഫലത്തുക നൽകുന്നതിന് നടപടി സ്വീകരിച്ച് വരുന്നതായും അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു.

ടെണ്ടർ നടപടികളിൽ ഗുരുതരമായ ക്രമക്കേട് നടന്നതിന്മേൽ വകുപ്പുതല അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു. അപാകതകളിന്മേൽ വിശദീകരണം നൽകേണ്ടതാണ്.

## 3-18 ഗുണഭോക്തൃസമിതികൾ കടലാസ്സിൽ മാത്രം - ഓഡിറ്റ് നിർദ്ദേശം അവഗണിക്കപ്പെട്ടു

ഗുണഭോക്തൃസമിതികൾ മുഖേനയുള്ള പ്രവൃത്തികൾ സുതാര്യമല്ല എന്നും ടെണ്ടർ നടപടികൾ സ്വീകരിക്കണമെന്നുമുള്ള മുൻ ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശം അവഗണിച്ചു. ഇത് സംബന്ധിച്ച് 2012-13 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 കമ്മിറ്റി ചർച്ച ചെയ്ത ശേഷം, ടെണ്ടർ നടപടി സ്വീകരിക്കണമെന്ന സെക്രട്ടറിയുടെ നിർദ്ദേശം തള്ളിക്കൊണ്ട്, ഗുണഭോക്തൃസമിതികൾ മുഖേന തന്നെ തുടർന്നും പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് തീരുമാനിക്കുകയാണ് ചെയ്തത്. (25-8-16 ലെ 3-ാം നമ്പർ തീരുമാനം)

തൻവർഷം ഭൂരിഭാഗം പ്രവൃത്തികളും ഗുണഭോക്തൃസമിതികൾ മുഖേനയാണ് ചെയ്തത്. ഗുണഭോക്തൃസമിതികൾ എന്ന പേരിൽ സുതാര്യമല്ലാത്ത രേഖകൾ ആണ് മുൻവർഷങ്ങളിലേത് പോലെ തൻവർഷവും ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിച്ചതായി രേഖകൾ ഫയലിൽ ഇല്ല. നിർവ്വഹണത്തിന് ശേഷം അക്കൗണ്ട് ക്ലോസ്സ് ചെയ്ത് തിരികെ വാങ്ങുന്നില്ല. കൺവീനറുടെയും കമ്മിറ്റി അംഗങ്ങളുടെയും പേരിലായി കരാർ എന്ന പേരിൽ ശൂന്യമായ മുദ്രപ്പത്രം മാത്രമാണ് ഫയലിൽ ഉള്ളത്. വ്യവസ്ഥകൾ പൂർണ്ണമായി രേഖപ്പെടുത്തുകയോ നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ വയ്ക്കുകയോ സാക്ഷികൾ ഒപ്പിടുകയോ ചെയ്തിട്ടില്ല. ഒരു പ്രവൃത്തിയുടെയും ചെലവ് കണക്കുകൾ

ഗുണഭോക്തൃസമിതികൾ ചർച്ച ചെയ്ത് അംഗീകരിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നംപർ | പ്രവൃത്തിയുടെ പേര്, അടങ്കൽ, പ്രോജക്ട് നംപർ | കൺവീനർ | ചെയർമാൻ | പ്രവൃത്തിമൂല്യം |
|---|---|---|---|---|
| 1 | കൈപ്പട്ടൂർ കിഴക്കേജംഗ്ഷൻ – മാളിയേക്കൽപ്പടി റോഡ് കോൺക്രീറ്റിംഗ് SO172/16-17 179500 | കെ.ജെ.ആന്റണി, കുളത്തിനാൽ | ദീപ്തി ഹരി, മാളിയേക്കൽ | 179061 |
| 2 | മുരുപ്പേൽപ്പടി – കുഴിഞ്ഞയ്യത്ത് മേലേച്ചിറ കോളനി റോഡ് കോൺക്രീറ്റിംഗ് SO46/16-17 287600 | തോമസ് ജോസ്, അയ്യനേത്ത്, കുടമുക്ക് | M.Y.ജോൺ, പാറത്തുണ്ടിൽ | 280796 |
| 3 | ആൻ തോംസൺ പടി – പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ് SO 64/17 131000 | C.K. ചെല്ലപ്പൻ, ചേറ്റിയത്ത് | കലാ ശശിധരൻ, മണ്ണൂർ വടക്കേതിൽ | 130638 |
| 4 | പുത്തൻപറമ്പിൽ – വെള്ളപ്പാറ റോഡ് കോൺക്രീറ്റിംഗ് SO53/17 103400 | മാധവൻ, പുത്തൻ പറമ്പിൽ | ശ്രീജ അനിൽകുമാർ, മലയിൽ വാര്യത്ത് | 103117 |

ഈ വിഷയത്തിൽ തുടർച്ചയായി ഉണ്ടായ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉണ്ടായ പരാമർശങ്ങൾ അവഗണിച്ച് വീണ്ടും സുതാര്യത പാലിക്കാതെയുള്ള പ്രവൃത്തിനിർവ്വഹണ രീതി തുടരുന്നത് നിയമവിരുദ്ധമാണ്. സുതാര്യതയില്ലാത്ത റോഡ് നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം സംബന്ധിച്ച് ഭരണവകുപ്പിന്റെ അടിയന്തിര അന്വേഷണം ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപ്പഞ്ചായത്ത് | 2016-17<br>2016-17 | 100000<br>150000 | പാലിയേറ്റീവ് കെയർ<br>ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം | 100000<br>150000 | 0<br>0 |
| കോന്നി ബ്ളോക്ക് | 2016-17 | 150000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | | | |
| കോന്നി ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 1000000 | തേക്കുംകൂട്ടത്തിൽകോളനി റോഡ് പാർശ്വ ഭിത്തി നിർമ്മാണം | 0 | 1000000 |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| KSEB | മരങ്ങാട്ട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ(102/17) | 28.02.2017(NEFT) | 92000 | 0 | 92000/- |
| KSEB | കടമുക്ക് ലക്ഷം വീട് കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം | Rs.109123/ | 118000 | 0 | 118000 |

പണി പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 4-3 പാർട്ട് ബിൽ നൽകി നിർമ്മാണം പൂർത്തീകരിക്കാത്ത പദ്ധതികളുടെ വിവരം

| പ്രവൃത്തിയുടെ പേര്/ വർഷം | പാർട്ട്ബിൽ തുക | കൺവീനർ/ കരാറുകാരന്റെ പേര് | പ്രവൃത്തി നടത്താതിരുന്നതിന്റെ കാരണം |
|---|---|---|---|
| മാവുംപാറ കോളനി - ചേമാട്ടേത്ത് പടി റോഡ് കോൺക്രീറ്റിംഗ് (2015-16) | 239235 | യശോദ മഠത്തിലയ്യത്ത് നരിയാപുരം | 2015-16 ൽ പാർട്ട് ബിൽ നൽകി. തുടർന്ന് പ്രവൃത്തി ചെയ്യേണ്ട ഭാഗത്ത് അതിരു തർക്കം നിലനിൽക്കുന്നു. |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷം സ്ഥിരനിക്ഷേപമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | | വർഷം |
|---|---|---|
| | | 2016-17 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | : | 52515126 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 34990980 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക |
|---|---|
| 3-3 | 25809 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.പി.റ്റി.എ.പി2/ 643/01, തീയതി, 09-01-12 |
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി2/ 17/02, തീയതി, 30-03-12 |
| 1997-98<br>1997-98 | എൽ.എഫ്.പി.റ്റി.എ.പി2/323/99 , തീയതി, 07-05-12<br>എൽ.എഫ്.പി.റ്റി.എ.പി2/315/99 , |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി2/ 788/04, തീയതി, 03-05-05 |

| | |
|---|---|
| 1999-00 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി2/ 789//04, തീയതി, 03-05-05 |
| 1999-00(ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി2/ 103/01, തീയതി, 17-11-11 |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ.പി, 2/501/02 , തീയതി, 11-12-02 |
| 2000-01(വരവ്) | എൽ.എഫ്.പി.റ്റി.എ.പി2/ 820/04, തീയതി, 07-06-05 |
| 2001-02 (വരവ്) | എൽ.എഫ്.പി.റ്റി.എ.പി2/226/04, തീയതി, 16-08-04 |
| 2001-02(വരവ്) | എൽ.എഫ്.പി.റ്റി.എ.പി2/821/04, തീയതി, 11-07-2005 |
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി2 /263/05,തീയതി, 02-09-2005 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി9/1132/07, തീയതി, 16-12-2008 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി9/210/09, തീയതി, 16-10-2009 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി9/211/09, തീയതി, 28-11-09 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി9/62/10, തീയതി, 07-04-2010 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി4/728/10, തീയതി, 01-03-2011 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി10/102/11, തീയതി, 14-12-2011 |
| 2009-10 | എൽ.എഫ്.പി.റ്റി.എ.പി10/394/11, തീയതി, 11-10-2011 |

| | |
|---|---|
| 2010-11 മുതൽ 2011-12 വരെ | എൽ.എഫ്.പി.റ്റി.എ.പി9/1064/13, തീയതി, 24-02-2014 |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി9/1073/14, തീയതി, 07-11-14 |
| 2013-14 | കെ.എസ്.എ.പി.റ്റി.എ.പി9/457/15, തീയതി, 25-07-15 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി9/895/16 , തീയതി, 06-08-2016 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി9/84/16 , തീയതി, 08-02-2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# Annexure

# AUDIT CERTIFICATE

Kerala State Audit Department
District Audit Office, Pathanamthitta
MiniCivil Station, Pathanamthitta – 682030
Phone : 0468 2223691
e-mail : dopta.ksad@kerala.gov.in
Date : 18.07.2017

No.KSA/ PTA /P9 /822 /2017

Certified that I have audited the Annual Financial Statement of Vallicode Grama_Panchayat in Pathanamthitta District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Vallicode Grama_Panchayat for the year 2016-17 except the observations in my audit report prorperly presents the picture of income and expenditure.

Habeeb Mohammed

Deputy Director

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
മിനി സിവിൽ സ്റ്റേഷൻ,
പത്തനംതിട്ട
ഫോൺ : 0468-2223691
email: dopta.ksad@kerala.gov.in

നം.കെ.എസ്.എ/ പി.റ്റി.എ/പി.9/822 /2017

തീയതി : 18.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ വള്ളിക്കോട് ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വള്ളിക്കോട് ഗ്രാമപ്പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ